# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1276** — 02.05.2017 ലെ മറുപടിക്ക്

## തിരുവനന്തപുരം നഗരസഭയിൽ അദാലത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) 2012 മുതൽ തിരുവനന്തപുരം നഗരസഭയിൽ തീർപ്പാക്കാതെ കിടന്ന 320 അപേക്ഷകളിൽ 30.01.2017 ൽ നടത്തിയ അദാലത്തിൽ തീരുമാനം കൈക്കൊണ്ട 282 അപേക്ഷകളിന്മേലും തുടർനടപടി സ്വീകരിച്ചു കഴിഞ്ഞോ; | (എ) നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഈ 282 അപേക്ഷകർക്കും അവരുടെ ദീർഘകാലത്തെ ആവശ്യം ഇതോടെ അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവലാതി പരിഹരിച്ചു കിട്ടിയവരുടെ പേരു വിവരം, ഫയൽ നമ്പർ എന്നിവ വെളിപ്പെടുത്തുമോ; | (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) 2012 മുതലുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുവാൻ കാലതാമസം വന്നു പോയതിന്റെ പ്രധാന കാരണങ്ങൾ വ്യക്തമാക്കുമോ? | (സി) ബി.റ്റി.ആർ/റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ, വിവിധ കോടതികളിൽ കേസ് നിലവിലുള്ള അപേക്ഷകൾ, നിർമ്മാണാനുമതിക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ, നിർമ്മാണങ്ങൾക്കെതിരെയുള്ള പരാതികൾ തുടങ്ങിയ അപേക്ഷകൾക്കാണ് കാലതാമസം ഉണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ